# നീരയുമായി മൊബീൽ യൂണിറ്റ്

മലപ്പുറം ● നീരയുടെ മൊബീൽ യൂണിറ്റ് ഇനി മലപ്പുറത്തും. നീരയുടെ ഔട്ട് ലെറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം മൊബീൽ യൂണിറ്റ് വഴി നീര ഉൽപന്നങ്ങൾ പൊതുജനങ്ങൾക്കു ലഭിക്കും.

മലപ്പുറത്തെ ഗ്രീൻ റമഡിയുടെ നേതൃത്വത്തിലുള്ള നീര മൊബീൽ യൂണിറ്റ് മന്ത്രി എ.പി. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. മലപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ചെയർമാൻ നാസർ പൊന്നാട്, പി. സുന്ദരാജൻ, പ്രവീൺ തുടങ്ങിയവർ പങ്കെടുത്തു.

മലപ്പുറം നഗരസഭ കൂടാതെ, കുട്ടിലങ്ങാടി മുതൽ പെരിന്തൽമണ്ണ വരെയും ആനക്കയം ഭാഗങ്ങളിലും നീരയുടെ മുഴുവൻ ഉൽപന്നങ്ങളുമായി മൊബീൽ യൂണിറ്റ് എത്തും.




**കൊള്ളാലോ നീര !..**'നീര' മൊബീൽ യൂണിറ്റുകളുടെ ഉദ്ഘാടനം മലപ്പുറത്ത് നിർവഹിച്ച മന്ത്രി എ.പി. അനിൽകുമാർ നീര കുടിച്ചപ്പോൾ.